(സി) ഇത്തരം ഒരു നിർദ്ദേശം പരിഗണനയിലില്ല.

(ഡി) ഇത് സംബന്ധിച്ച് നിർദ്ദേശം ലഭിക്കുമ്പോൾ പരിശോധിക്കുന്നതാണ്.

ന്യൂനപക്ഷ ഭാഷാദ്ധ്യാപകരുടെ പ്രൊമോഷനും നിയമനവും

109 [5773] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ അറബി, സംസ്കൃതം തുടങ്ങി ഭാഷാദ്ധ്യാപകരെ നിയമിക്കുന്നതിന ഫുൾടൈം ആയാണോ പാർട്ട് ടൈം ആയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ഹൈസ്കൂളിൽ ഫുൾ ടൈം ആയിരുന്ന 50 ഭാഷാദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറി തലത്തിലേക്ക് പ്രൊമോഷൻ നൽകിയപ്പോൾ പാർട്ട് ടൈം ആകുന്ന അപാകത പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ;

(സി) സർവ്വീസ് കൂടുതലുണ്ടായിട്ടും ഹയർ സെക്കണ്ടറി തലത്തിലേക്ക് പ്രൊമോഷൻ കിട്ടിയതുകൊണ്ട് മാത്രം പ്രിൻസിപ്പാൾ തസ്തികയിലേക്ക് ന്യൂനപക്ഷ ഭാഷാദ്ധ്യാപകരെ പരിഗണിക്കാതിരിക്കുന്ന അപാകത പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള സ്റ്റാറ്റ്യൂട്ടറി നിയമന ചട്ടങ്ങൾ 2001-ൽ നിലവിൽ വന്നതിനുശേഷം പാർട്ട് ടൈം/ഫുൾ ടൈം തസ്തികകൾ നിലവിലില്ല. അതിനാൽ പാർട്ട് ടൈം/ഫുൾ ടൈം അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ ഇപ്പോൾ നിലവിലില്ല.

(ബി) ഇതു സംബന്ധിച്ചുള്ള കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(സി) പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിച്ചിട്ടില്ല. തസ്തിക സൃഷ്ടിക്കുമ്പോൾ സ്പെഷ്യൽ റൂളുകളിലെ വ്യവസ്ഥകൾ പ്രകാരം ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ലിസ്റ്റ്

110 [5774] ഡോക്ടർ എ. നീലലോഹിതദാസൻനാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് പ്രൊമോഷൻ മുഖേന ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിന്റെ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) സെറ്റ് പാസ്സാകാത്തതുകാരണം യഥാസമയം ലിസ്റ്റിൽ കടന്നുകൂടാൻ കഴിയാത്ത സീനിയർ അദ്ധ്യാപകർ ഹൈസ്കൂളുകളിൽ ജോലി നോക്കുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly